5628
10/7/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കോട്ടയം മഹിളാമന്ദിരത്തിനായുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർമ്മാണ പ്രവർത്തി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം. 429/2014/സാനീവ തീയതി, തിരുവനന്തപുരം, 08.07.2014

---

പരാമർശം:- സാമൂഹ്യ നീതി ഡയറക്ടറുടെ 5.10.2012ലെ എഫ്2-15573/07 നം. കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കോട്ടയം മഹിളാമന്ദിരത്തിന് പുതിയ കെട്ടിടം പണിയുന്നതിനായി നിർമ്മാണ പ്രവർത്തികൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചുവെന്നും എന്നാൽ 4 വർഷം കഴിഞ്ഞിട്ടും ടി കെട്ടിടത്തിന്റെ ബേസ്മെന്റ് മാത്രമേ പൂർത്തിയായിട്ടുള്ളുവെന്നും ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തിയിൽ നിന്ന് നിർമ്മിതി കേന്ദ്രയെ ഒഴിവാക്കുവാനും ടി പ്രവർത്തി ഏറ്റെടുക്കുന്നതിന് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതിനാൽ ആയത് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിനെ ഏൽപ്പിച്ച് ഉത്തരവാകണമെന്നും പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, PWD മാന്വൽ സെക്ഷൻ 2116.2 പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയെ പ്രസ്തുത കോൺട്രാക്റ്റിൽ നിന്ന് ഒഴിവാക്കിയും 2014-15 സാമ്പത്തിക വർഷം തന്നെ കോട്ടയം മഹിളാ മന്ദിരത്തിന്റെ പ്രവർത്തി പൂർത്തികരിക്കണമെന്ന നിബന്ധനയിന്മേലും കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് ടി പ്രവർത്തി നടത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (32472/WW3/14/Fin നം. ഫയൽ പ്രകാരം)
ഭവന നിർമ്മാണ വകുപ്പ്
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.